“ആനയെക്കാണാനും വെള്ളെഴുത്തോ?”

ഡാ: കെ. ഭാസ്കരൻനായർ

(റിട്ട: കൊളീജിയേററ് ഡയറക്ടർ)

ശാസ്ത്രീയഗവേഷണത്തിൽ വിശ്വവിഖ്യാതമായ കേംബ്രിഡ്ജ് സർവകലാശാലയിൽ ജോസഫ് നീഡ്ഹാം എന്നൊരു പ്രൊഫസ്സറുണ്ടു്. വിഷയം ബയോകെമിസ്ട്രി അതിലാണ് വിപുലമായ ഗവേഷണംചെയ്ത് അദ്ദേഹം ചെറുപ്പത്തിലേതന്നെ Fellow of the Royal Society എന്ന ബഹുമതിനേടി പ്രസിദ്ധനായതു്. പക്ഷേ കഴിഞ്ഞ 35 വർഷമായി ഈ രസതന്ത്രവകുപ്പുകാരൻ ചെയ്തുകൊണ്ടിരിക്കുന്ന ഒരേ ഒരു ജോലി The History of Science and Civilization in China എന്ന ചരിത്രഗ്രന്ഥത്തിന്റെ നിർമ്മാണമാണ്. അദ്ദേഹത്തെ കേംബ്രിഡ്ജിലുള്ളവർ എങ്ങനെ ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നു എന്നു് നാം അത്ഭുതപ്പെട്ടുപോകും. അവിടെ ചരിത്രഗവേഷണത്തിനു് പ്രത്യേക പഠനവകുപ്പും പ്രൊഫസർമാരുമുണ്ടു്. നീഡ്ഹാം കമ്മ്യൂണിസ്റ്റാണെന്നു പ്രസിദ്ധവുമാണ്.

ആ പ്രസ്ഥാനത്തിനു് ഇംഗ്ലണ്ടിൽ ഒരു പിൻതുണയുമില്ലെന്നു് നമുക്കറിയാം. എന്നിട്ടും ഒരു കുഴപ്പവുമില്ല. ആ മഹാഗ്രന്ഥത്തിന്റെ നിർമ്മാണം നിർവിഘ്നം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാത്തിരുന്നു കാത്തിരുന്നു് ക്ഷമകെട്ടപ്പോൾ, ചൈനീസ് ഭാഷയുടെ ചിത്രലിപിയും റോമൻ ലിപിയും ഇടകലർത്തി അതിമനോഹരമായി അച്ചടിച്ച അതിന്റെ ഓരോ പുതിയ വാല്യം പുറത്തുവരും. കേംബ്രിഡ്ജിന്റെ യശസ്സ് ഒരുപടികൂടി ഉയരും. ഇതിന്റെ രഹസ്യം ഇത്രയേയുള്ളു: വ്യക്തികളെ മറന്നും, വേണ്ടിവന്നാൽ നിയമത്തെ മറികടന്നും, വിജ്ഞാനത്തെ പരിപോഷിപ്പിക്കുവാൻ ആ സർവകലാശാലയുടെ ഭരണാധികാരികൾ സന്നദ്ധരാണ്. ഉദ്യോഗനിയമനങ്ങളിലും ശമ്പളക്കാര്യങ്ങളിലും മുഴകിമറിയുകയല്ല തങ്ങളുടെ മുഖ്യധർമ്മമെന്നും അവർ മനസ്സിലാക്കിയിട്ടുണ്ടു്. ഇംഗ്ലണ്ടും ചൈനയും നശിച്ചാലും നീഡ്ഹാമിന്റെ സംഭാവനകൾ നിലനിൽക്കുമെന്നു്, പ്ലേറേറായുടെയും അരിസ്റ്റോട്ടിലിന്റെയും അനുഭവത്തിൽ നിന്നു്, അവർക്കു് ബോദ്ധ്യമായിട്ടുണ്ടു്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം പൊയ്പോയതിൽ ഖേദം തീർന്നിട്ടില്ലാത്ത കടുത്ത യാഥാസ്ഥിതികന്മാരും അവരുടെ കൂട്ടത്തിൽ കാണും. ഒരു പക്ഷേ, അവരായിരിക്കും ഭൂരിപക്ഷം. എന്നാലും വിവരമില്ലെങ്കിൽ അറിവുള്ളവർ പറയുന്നതു് അംഗീകരിക്കുവാൻ അവർ ഒരുക്കമാണ്. ആ സാമ്രാജ്യമെന്നല്ല, മഹാസേതുങ്ങളിന്റെ കൊല്ലും ശക്തിയുള്ള ഭരണകൂടം വിചാരിച്ചാലും നീഡ്ഹാമിനെപ്പോലെ വിദ്യാവ്യസനിയായ ഒരു മഹാപണ്ഡിതനെ സൃഷ്ടിക്കുവാൻ സാധിക്കുകയില്ലെന്നു് അവർക്കറിയാം. വിശ്വവിദ്യാലയമേ, നിനക്കു നമസ്കാരം.

അതു് കേംബ്രിഡ്ജിലെ കഥ. ഇവിടെയോ? മഹാകവി ഉള്ളൂരിന്റെ ജഗൽപ്രസിദ്ധമാകേണ്ട ആ ചോദ്യം ചോദിക്കുവാൻ തോന്നുന്നു. “ആനയെക്കാണാനും വെള്ളെഴുത്തോ?” ഭാഷാസ്നേഹികൾ എത്രയോ കാലം തുടരെ ചെയ്ത പരിദേവനത്തിന്റെയും നിവേദനത്തിന്റെയും ഫലമായി, മലയാളഭാഷയുടെ ആധികാരികമായ ഒരു നിഘണ്ടു നിർമ്മിക്കുവാൻ ഇവിടത്തെ ഗവർമ്മെൻറ് നിശ്ചയിച്ചു. ആ ജോലി നമ്മുടെ സർവകലാശാലയെയാണ് ഏല്പിച്ചതു്. ഉപദേശകസമിതികളും ഭരണാധികാരികളും The Oxford English Dictionary (ഒ. ഇ. ഡി.) യുടെ മാതൃകയിലുള്ള ഒരു മഹാനിഘണ്ടു നിർമ്മിക്കുവാൻ വ്യവസ്ഥചെയ്തു. ഗവർമ്മെൻറുതന്നെ ശ്രീ. ശൂരനാട്ട കുഞ്ഞൻപിള്ളയെ എഡിറ്ററായും നിയമിച്ചു. അദ്ദേഹം പതിനെട്ടു വർഷം തെററാതെ ചിന്തയില്ലാതെ അഹോരാത്രം അതിനുവേണ്ടി അത്യദ്ധ്വാനംചെയ്തു. ഏഴു വാല്യങ്ങളായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിഘണ്ടുവിന്റെ ആദ്യത്തെ രണ്ടു വാല്യങ്ങൾ പ്രസിദ്ധീകരിച്ചു. ഈ രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെയും ഗവേഷണ പ്രക്രിയയുടെയും, ഏററവും വലിയ നേട്ടങ്ങളാണ് സർവ്വകലാശാലയും ഗവർമ്മെൻറിനാ [illegible] മഹാഗ്രന്ഥ [illegible], [illegible] തുടങ്ങുന്ന വാക്കുകളെ സംബന്ധിച്ച ജോലി മാത്രമേ ഇതുകൊണ്ടു തീർന്നുള്ളു. ബാക്കിയെല്ലാം കന്നാക്കൂടി കിടക്കുകയാണ്. പക്ഷേ അതിനിടയ്ക്കു്, ആരുമാരും അറിയാതെ, നിസ്തുലമായ ഈ സേവനം ചെയ്ത ശ്രീ കുഞ്ഞൻപിള്ള പ്രസ്തുത ജോലിയിൽനിന്നു് വിരമിച്ചു. ശേഷിച്ച ജോലി? അതെല്ലാം മുറപോലെ നടക്കും. ഇതിൽ നിയമനക്കാര്യമല്ലാതെ എന്തിരിക്കുന്നു!

ശ്രീ. കുഞ്ഞൻപിള്ള ഈ ജോലി വെറുതെ നീട്ടിക്കൊണ്ടുപോവുകയാണെന്നാണു് നമ്മുടെ വിശ്വവിദ്യാലയവൃത്തങ്ങളിൽ പ്രചരിച്ചിരുന്ന അഭിപ്രായം. ഒരു നിഘണ്ടു നിർമ്മിക്കാൻ എന്തിനിത്ര സമയമെടുക്കുന്നു; വർഷംതോറും ഓരോ വാല്യം പ്രസിദ്ധീകരിച്ചു് ഈ ജോലി പൂർത്തിയാക്കിക്കൂടേ; എന്നാണു് വിദ്യാധിനാഥന്മാരായി വാഴിച്ചിരിക്കുന്നവർപോലും ചോദിക്കുന്നതു്. പണ്ടൊക്കെ സ്കൂൾ കുട്ടികൾ അഞ്ചുരൂപ വിലയ്ക്കു് വാങ്ങിയിരുന്ന “ഡിഷ്ണറിപ്പുസ്തകം” പോലെയുള്ള ഒരു പ്രസിദ്ധീകരണമാണു് ഈ ലെക്സിക്കൺ അഥവാ മഹാനിഘണ്ടു എന്നാണു് പൊതുവേയുള്ള ധാരണ. ഇതിൽ അത്ഭുതപ്പെടേണ്ടതില്ല. ഒ. ഇ. ഡി. മാതൃക എന്നു പറയുമ്പോൾ ഇപ്പറഞ്ഞ സ്കൂൾ നിഘണ്ടുവിന്റെ ഓർമ്മയാണു് ഉണ്ടാകുന്നതു്. അതു മാത്രമേ പലരും കണ്ടിട്ടുള്ളു. പക്ഷേ ഇതല്ല ഒ. ഇ. ഡി. എന്ന വിശ്വവിശ്രുതമായ മഹാനിഘണ്ടു. ഇംഗ്ലീഷുഭാഷയുടെ വേദവും ഉപനിഷത്തും സിദ്ധരൂപവും അമരകോശവും ജാതകവും ഫലശ്രുതിയും എല്ലാം ഉൾപ്പെടുത്തി, എടുത്താൽ പൊങ്ങാത്ത പന്ത്രണ്ടു വാല്യങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ബൃഹദ്ഗ്രന്ഥമാണതു്. അതു് കൊണ്ടുപോകണമെങ്കിൽ കൈവണ്ടിവേണം. അതിന്റെ ഒരു പേജിലെ മാറ്റർ വികസിപ്പിച്ചു് വലിയ അക്ഷരത്തിൽ സാധാരണരീതിയിൽ അച്ചടിച്ചാൽ ഒരു പാഠപുസ്തകത്തിന്റെ അത്രവരും. എഴുപത്തിയാറു വർഷത്തെ(1857–1933)അനുസ്യൂതയത്നം കൊണ്ടാണു് അതു പൂർത്തിയായതു്. അതിൽനിന്നു് അത്യാവശ്യമുള്ള വാക്കുകളും അവയുടെ ചുരുക്കത്തിലുള്ള അർത്ഥവും മാത്രം വേർതിരിച്ചെടുത്തു് അച്ചടിച്ചതാണു് സാധാരണ കാണുന്ന ഓക്സ്ഫോർഡ് ഡിക്ഷ്ണറി. ഭാഷാ ഗവേഷണത്തിലും നിഘണ്ടു നിർമ്മാണത്തിലും സമീപിക്കുവാൻപോലും പ്രയാസമായ നിലവാരത്തിൽ നിൽക്കുന്ന ഈ മഹാഗ്രന്ഥത്തെ അനുകരിച്ചു് തങ്ങളുടെ ഭാഷയ്ക്കും സംസ്കാരത്തിനും മേന്മയുണ്ടാക്കണമെന്നാണു് മററു രാജ്യങ്ങളിലെ ഭാഷാഭിമാനികൾ മോഹിക്കുന്നതു്. യൂറോപ്യൻ ഭാഷകൾക്കുപോലും ഈ മോഹം വേണ്ടവണ്ണം നിറവേററുവാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ കഥ പറയാനുമില്ല. അളവില്ലാത്ത ധനവും വിഭവങ്ങളും ആനുകൂല്യങ്ങളും കോരിച്ചൊരിഞ്ഞിട്ടും ഹിന്ദിയിൽപ്പോലും അതിന്റെ അടുത്തെങ്ങും ചെല്ലുന്ന ഒരു നിഘണ്ടു ഉണ്ടായിട്ടില്ല. ഒ. ഇ. ഡി. മാതൃകയെ അനുകരിക്കുവാൻ ബോധപൂർവ്വം യത്നിച്ച ആദ്യത്തെ ഭാരതീയഭാഷയാണു് മലയാളം. ഇതോർക്കുമ്പോൾ എന്റെ ഹൃദയം അഭിമാനവിജൃംഭിതമാകുന്നു. ഇംഗ്ലീഷിലെപ്പോലെതന്നെ നമുക്കും ഒരുലക്ഷം വാക്കുകൾ ഉൾപ്പെടുത്താനുണ്ടു്. ഇവയുടെ ആയിരംവർഷത്തെ പ്രയോഗചരിത്രം വിശദീകരിക്കുന്നതിനു്, എത്ര കുറച്ചാലും, ഏഴുലക്ഷം ഉദാഹരണങ്ങളെങ്കിലും ഉദ്ധരിക്കണം. മലയാളത്തെ ഒരു ലോകഭാഷയുടെ നിലയിലേക്കു് ഉയർത്തുന്നതിനു് ഓരോ വാക്കിന്റെയും ഉച്ചാരണം റോമൻ ലിപിയിൽക്കൊടുത്തു് ഇംഗ്ലീഷിലും അർത്ഥംപറയണം. ദ്രാവിഡപദങ്ങൾക്കു് സഹോദരഭാഷകളുമായുള്ള ബന്ധം എടുത്തുകാണിക്കണം. ഗോത്രഭാഷകളുമായി ഒത്തുനോക്കണം. സംസ്കൃതത്തിൽ നിന്നുവന്ന വാക്കുകളുടെ മൂലരൂപവും അർത്ഥപരിണാമങ്ങളും വിശദീകരിക്കണം. ഈ ജോലികളെല്ലാം സാർവ്വലൗകികമായ ഭാഷാശാസ്ത്രനിയമങ്ങളനുസരിച്ചു് സൂക്ഷ്മമായ രീതിയിൽ നിർവ്വഹിച്ചിട്ടുള്ളതുകൊണ്ടാണു് ആദ്യത്തെ രണ്ടു വാല്യങ്ങൾ കണ്ടപ്പോൾ പണ്ഡിതലോകം ബഹുമാനപരതന്ത്രമായതു്.

ഈ വസ്തുതകൾ ആരു നോക്കുന്നു. ഒ. ഇ. ഡി. എന്നാൽ എന്തെന്നുപോലും ആരറിയുന്നു. ഓരോ അക്ഷരവും ചിഹ്നവും സങ്കേതവും സൂചനയും അർത്ഥവത്താണു്. തെററുകൂടാതെ അതൊന്നു പകർത്തുന്നതുപോലും എളുപ്പമല്ല. എട്ടും പത്തും പന്ത്രണ്ടുംതവണ, കണ്ണിൽ എണ്ണയൊഴിച്ചു് പ്രൂഫ് നോക്കണം. ഇതൊന്നും മനസ്സിലാക്കാതെ ഉടനെ ജോലിതീർക്കണമെന്നു ശഠിക്കുന്നതു് കഥയില്ലായ്മയാണു്. രണ്ടു വാല്യങ്ങളും കണ്ടു എന്നുതന്നെയല്ല പരിശോധിക്കുകയുംചെയ്തു എന്നു് ഉറപ്പിച്ചുപറഞ്ഞ പ്രമാണിയായ ഒരുദ്യോഗസ്ഥൻ, അതിലെങ്ങും റോമൻലിപിയോ ഇംഗ്ലീഷ് ഭാഷയോ ഉപയോഗിച്ചിട്ടില്ലെന്നു് അല്പം ചൂടോടെ തർക്കിച്ചതോർക്കുന്നു. കണ്ണല്ല, മനസ്സാണു് കാണുന്നതു് എന്നു് തത്വജ്ഞാനികൾ പറയുന്നതു് സത്യമല്ലേ?

ഈ ജോലി മുടക്കംകൂടാതെ തുടർന്നു നടത്തുന്നതിനും, കേരളീയർക്കു് ഇച്ഛാഭംഗവും മലയാളഭാഷയ്ക്കു് മാനഹാനിയും വരാത്ത രീതിയിൽ ബാക്കി വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും എന്തു് ഏർപ്പാടുകളാണു് ചെയ്തിട്ടുള്ളതെന്നറിയാൻ ഈ രാജ്യത്തെ ജനങ്ങൾക്കു് ആഗ്രഹമെന്നല്ല, അവകാശവുമുണ്ടെന്നു് ഞാൻ കരുതുന്നു. സർവകലാശാലകൾ സ്വയം ഭരണ സ്ഥാപനങ്ങളാണെന്ന ഒഴികഴിവു പറഞ്ഞു് ഗവർമ്മെൻറിനും ഇക്കാര്യം വിഗണിക്കുവാൻ സാദ്ധ്യമല്ല. ഗവർമ്മെൻറ് മുൻകൈയെടുത്തു് സർവകലാശാലയെ ഏല്പിച്ച ഒരു പദ്ധതിയാണിതു്. പ്രത്യയശാസ്ത്രമത്സരവും കക്ഷിരാഷ്ട്രീയവും, ജനാധിപത്യം എന്ന ഭരണ സമ്പ്രദായംതന്നെയും, നമ്മുടെ സംസ്ഥാനത്തും നിയമനങ്ങളേയും ശമ്പളത്തേയും സംബന്ധിച്ച പ്രക്രിയകളായി കലാശിക്കുന്നു. അതിന്റെ അപ്പുറത്തേക്കു് ആരുടെയും നോട്ടമെത്താത്തതു് കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ. ഇന്ത്യയിൽ ഉരുക്കുവ്യവസായം തുടങ്ങുന്നതു് ഉരുക്കു് എന്ന അത്യാവശ്യസാധനം നിർമ്മിക്കുവാനല്ല: തൊഴിലില്ലാത്തവർക്കു് ജോലി കൊടുക്കുവാനാണു്. ആ ഉദ്ദേശം സാധിച്ചുകഴിഞ്ഞാൽപ്പിന്നെ വ്യവസായം ലാഭമോ നഷ്ടമോ, ഉരുക്കുതന്നെ ഉണ്ടാക്കുന്നുവോ എന്നു തുടങ്ങിയ കാര്യങ്ങൾ അപ്രധാനമെന്നല്ല, അപ്രസക്തവും ആയിത്തീരുന്നു! ഉരുക്കു് ഇവിടെ ഉണ്ടാകുന്നില്ലെങ്കിൽ അന്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യാം. സയൻസിന്റെയും ടെക്നോളജിയുടെയും കാര്യത്തിലും ഇതു സാധിക്കും. പക്ഷേ മലയാളഭാഷയുടെ മഹാനിഘണ്ടു എവിടെനിന്നാണു് ഇറക്കുമതി ചെയ്യുക? രാജ്യം ഭരിക്കുന്നവരുടെ പരാധീനതകൾ നമുക്കു മനസ്സിലാക്കാം. അവർ നിരന്തരമായ സമ്മർദ്ദത്തിനു് വിധേയരാണു്. ഇതൊന്നും നോക്കുവാൻ നേരമില്ല. പക്ഷേ, വല്ലപ്പോഴുമെങ്കിലും അവർ തങ്ങളുടെ സ്ഥാനമഹിമ മനസ്സിലാക്കണം. ജനങ്ങളുടെയും സംസ്കാരത്തിന്റെയും ഭാഗ്യവിധാതാക്കളായി, നിയതിയുടെ പ്രതിപുരുഷന്മാരായി, ത്രികാലജ്ഞാനമുള്ള മഹാത്മാക്കളായി, ഭരണാധികാരികൾ പ്രവർത്തിക്കേണ്ട സന്ദർഭങ്ങളുണ്ടു്. നേതൃത്വം എന്ന സങ്കല്പത്തിന്റെ അതിശ്രേഷ്ഠമായ ഈ അർത്ഥമാണു് നമ്മുടെ രാഷ്ട്രത്തു് തീരെ വെളിപ്പെടാതെ കിടക്കുന്നതു്. സത്യമാലോചിച്ചാൽ അതും ഒരു നിഘണ്ടു പ്രശ്നമാണു്.

തന്റെ കഴുത്തിൽവീണ നുകത്തിൻ കീഴിൽനിന്നു് മോചനം ലഭിച്ചതിൽ ശൂരനാട്ട കുഞ്ഞൻപിള്ള സന്തുഷ്ടനാണെന്നു് എനിക്കറിയാം. അദ്ദേഹത്തിന്റെ കുടുംബം അതിനുവേണ്ടി വഴിപാടുകൾ പോലും കഴിച്ചിരിക്കണം. ദിവസത്തിൽ 16 മണിക്കൂറും ആണ്ടിൽ 365 ദിവസവും പദങ്ങളുടെ ചരിത്രം വെളിപ്പെടുത്താനും പ്രൂഫ് തിരുത്താനുംവേണ്ടി ചെലവഴിച്ചാൽ ആരാണു് അങ്ങനെ പ്രാർത്ഥിച്ചുപോകാത്തതു്? പക്ഷേ അദ്ദേഹം ഈ ജോലിയിൽനിന്നു വിരമിച്ചതിൽ ഭാഷാപ്രേമികളായ നമുക്കു് വേദിക്കാതെ നിവൃത്തിയില്ല. നിഘണ്ടു നിർമ്മാണത്തിൽ [illegible] കഴിവു് ജന്മസിദ്ധമാണെന്നും പരിശീലനംകൊണ്ടുമാത്രം കിട്ടുന്നതല്ലെന്നും ഒ. ഇ. ഡി. യുടെ എഡിററായ ജെയിംസ് മറേ പറയുകയുണ്ടായി. നമ്മുടെ ഭാഗ്യാതിരേകം കൊണ്ടാണു് തിളക്കമേറിയ പ്രതിഭയും, പരപ്പും ആഴവും കാണുമ്പോൾ ആരും ശ്വാസമടക്കി നിന്നുപോകുന്ന പാണ്ഡിത്യവും, വായിച്ചതുമുഴുവനും ഓർമ്മിക്കുവാനുള്ള അത്ഭുതശക്തിയുംകൊണ്ടു് അനുഗ്രഹീതനും മഹോദ്യമനുമായ ഈ നിഘണ്ടുകാരനെ മലയാളഭാഷയ്ക്കു് കിട്ടിയതു്. ഏതു പ്രയാസത്തെയും അതിലംഘിച്ചു്, അദ്ദേഹത്തിന്റെ സേവനം ഈ ജോലിക്കു് തുടർന്നും ലഭിക്കുന്നതിനു് സർവകലാശാലയും ഗവർമ്മെൻറും അങ്ങേയററം പരിശ്രമിക്കേണ്ടതായിരുന്നു. രോഗഗ്രസ്തനായപ്പോൾ കെയ്ൻസ് എന്ന അർത്ഥശാസ്ത്രജ്ഞനെ സ്ട്രെച്ചറിൽ കൊണ്ടുവന്നു് മന്ത്രികാര്യാലയത്തിൽക്കിടത്തി ബ്രിട്ടീഷ് ഗവർമ്മെൻറ് ജോലി നടത്തിച്ചതായി കേട്ടിട്ടുണ്ടു്. ജോലി നടക്കണമെന്നുമാത്രമല്ല, ഏററവും ഭംഗിയായി നടക്കണമെന്നുമുള്ള താൽപര്യം അവിടെയാണു് കാണുന്നതു്.

ഏതായാലും ഒരു കാര്യം തീർത്തുപറയാം. “ഈ ഡിക്ഷണറിയുടെ പേരുകൊണ്ടല്ലേ ഇംഗ്ലണ്ടിലെ ഒരു യൂണിവേഴ്സിററി അറിയപ്പെടുന്നതു്?” എന്നു് ഒ. ഇ. ഡി യെപ്പററി ആരോ ചോദിച്ചതായി കേട്ടിട്ടുണ്ടു് ശ്രീ. കുഞ്ഞൻപിള്ളയുടെ തപസ്യയിൽനിന്നു് സംജാതമായ ഗ്രന്ഥത്തിനു് കേരള സർവകലാശാലാനിഘണ്ടു എന്നല്ല പേരെങ്കിലും, അങ്ങനെ ഒരു സർവകലാശാലയുണ്ടെന്നും, അവിടെ വിജ്ഞാനസംബന്ധിയായി ശ്രദ്ധേയമായ ഒരു മഹായത്നമെങ്കിലും നടന്നിട്ടുണ്ടെന്നും ലോകം അറി

(അഞ്ചാംപേജിൽ 1–ാംകാളം)



“സ്റ്റേറ
ഡിപ്ലോ
1800
അധി
ചെറ
വലി
9 ഇരു

ട
യോഗം

ചമ
ഹള
ദ്യോഗി
ന്തം യോഗം
(സ്വ. ലേ)

്ഥിരാവകാശം ൽകുന്ന പട്ടയം

ിജൻ കാളനിയിൽ താമ ക്കുന്നവർക്കു് നൽകുമെന്നു്

കൊല്ലം, ജൂൺ 24—സംസ്ഥാനത്തെ ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു് അടുത്ത രണ്ടു മാസങ്ങൾക്കുള്ളിൽ ഭൂമിയിൽ സ്ഥിരമായ അവകാശം നൽകുന്ന പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളെടുത്തുവരികയാണെന്നു് ഹരിജനക്ഷേമവകുപ്പുമന്ത്രി ശ്രീ. പി. കെ. രാഘവൻ പ്രസ്താവിച്ചിരിക്കുന്നു.

കടമ്പനാട്ടുവച്ചു നടന്ന കുന്നത്തൂർ താലൂക്ക് പട്ടയവിതരണമേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിതരണത്തിനായി 12000 ഏക്കർ വനഭൂമിയാണു് ഇപ്പോഴുള്ളതെന്നും ഇതിൽ മൂന്നിലൊരുഭാഗം ഹരിജനങ്ങൾക്കു് നൽകുന്നതാണെന്നും മന്ത്രി തുടർന്നു പ്രസ്താവിച്ചു

ഉദ്ഘാടനസമ്മേളനത്തിൽ ജില്ലാകളക്ടർ എം. ജോസഫ് ആദ്ധ്യക്ഷത വഹിച്ചു. സർവ്വശ്രീ തെങ്ങമം ബാലകൃഷ്ണൻ എം. എൽ. എ., ബാബുജേക്കബ് (അഡീഷണൽ കളക്ടർ), മുഹമ്മദ്ഹനീഫ, എം. പരീതുസാഹിബ് എന്നിവർ യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി.

കുന്നത്തൂർ താലൂക്കിലെ ഇടക്കാടു്, കുന്നത്തൂർ, നിലയ്ക്കൽ, പെരിങ്ങനാട്ടു് എന്നീ ഹരിജൻകാളനികളിലെ താമസക്കാരുൾപ്പെടെ അഞ്ഞൂറിൽപ്പരം പേർക്കാണു് പട്ടയങ്ങൾ ലഭിച്ചതു്. ഇതിൽ 250 പേർ ഹരിജനങ്ങളാണു്.

(സ്വ. ലേ)

[illegible]

യതിനെ തുടർന്നു് ഒരു വിശദീകരണപ്രസ്താവന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി കരുണാനിധി. തന്നെ നേരിട്ടു് ആരും ക്ഷണിക്കുകയുണ്ടായില്ലെന്നും, ഇക്കാര്യത്തിനുവേണ്ടി സി. എസ്. ഐ. ആറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥൻ തൻെറ പ്രൈവററ് സെക്രട്ടറിയെ കണ്ടോ എന്നു് തനിക്കറിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. സി. എസ്. ഐ. ആർ. ഉദ്യോഗസ്ഥനു് താനുമായി സമ്പർക്കം നടത്താൻ തരപ്പെടാതെ വന്നുവെന്നാണെങ്കിൽ, മന്ത്രിസഭയിലെ മറേറതെങ്കിലും മന്ത്രിമാരെ ഒരു കേന്ദ്രമന്ത്രി പങ്കെടുക്കുന്ന ഈ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിക്കാൻ അവർക്കു ക്ഷണിക്കാമായിരുന്നുവെന്നും മുഖ്യമന്ത്രി തുടർന്നു പ്രസ്താവിച്ചു. എന്നാൽ തനിക്കോ തൻെറ മന്ത്രിസഭാ സഹപ്രവർത്തകർക്കോ ഇതിനു ക്ഷണം ലഭിക്കുകയുണ്ടായില്ല.

മന്ത്രിമാരെ ക്ഷണിച്ചുവെന്നു്

സി. എസ്. ഐ. ആർ. റീജിയണൽ കാമ്പസ്സിൻെറ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിക്കാൻ തമിഴ്നാട്ടു മുഖ്യമന്ത്രിക്കും, മററു മന്ത്രിമാർക്കും ക്ഷണക്കത്തുകളയച്ചിരുന്നുവെന്നു് സി. എസ്. ഐ. ആർ. കോ-ഓർഡിനേററിംഗ് ഡയറക്ടർ മി. ജി. രാമസ്വാമി ഇന്നു പ്രസ്താവിച്ചു. മന്ത്രിമാർക്കുള്ള ക്ഷണക്കത്തുകൾ ജൂൺ 17-ാം തീയതി തന്നെ തപാൽമാർഗ്ഗമയച്ചുകഴിഞ്ഞിരുന്നുവെന്നും മി. രാമസ്വാമി പറഞ്ഞു. മന്ത്രിമാരെ ആരെയും ഉദ്ഘാടനച്ചടങ്ങിനു് ക്ഷണിക്കുകയുണ്ടായില്ല എന്ന മുഖ്യമന്ത്രി കരുണാനിധിയുടെ പരാതിക്കു് തെല്ലും അടിസ്ഥാനവുമില്ല എന്നും അദ്ദേഹം പ്രസ്താവിച്ചു.

മുഖ്യമന്ത്രി കരുണാനിധിയെ ചടങ്ങിൽ അദ്ധ്യക്ഷനായി ലഭിക്കാൻ തന്നെ ശ്രമിച്ചുവെന്നും, എന്നാൽ ബഡ്ജററ് സമ്മേളനത്തിൻെറ തിരക്കുമൂലം മുഖ്യമന്ത്രിയെ കാണാൻ പ്രയാസമാണെന്നാണു് ബന്ധപ്പെട്ടവരിൽ നിന്നും മറുപടി ലഭിച്ചതെന്നും സി. എസ്. ഐ. ആർ. കോ-ഓർഡിനേററിംഗ് ഡയറക്ടർ പറഞ്ഞു. താൻ ഉത്തമവിശ്വാസത്തോടെ തൻെറ ചുമതല നിറവേററിയിട്ടും ഈ വിധത്തിൽ ഒരു തെററിദ്ധാരണയ്ക്കിടയായതിൽ താൻ ദുഃഖിതനാണെന്നും മി. രാമസ്വാമി പറഞ്ഞു.

(യു. എൻ. ഐ)

“ആനയെക്കാണാനും വെള്ളെഴുത്തോ?”

(രണ്ടാംപേജിൽനിന്നും തുടർച്ച)

യുവാൻപോകുന്നതു് അതിൻെറ പേരിൽ മാത്രമാണെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. നൂറു് നൂററിയിരുപതു വർഷമായി ഭാരിച്ച ചെലവിൽ നമ്മുടെയിടയ്ക്കു് നടന്നുകൊണ്ടിരിക്കുന്ന ഉന്നതവിദ്യാഭ്യാസം എന്ന പ്രക്രിയയ്ക്കു് ഇങ്ങനെ ധന്യതയും സാഫല്യവും നൽകിയ മാന്യവ്യക്തിയെ വെറുതെയങ്ങു പറഞ്ഞയയ്ക്കുകയാണല്ലോ ചെയ്തതു് എന്നോക്കുമ്പോൾ വേദന തോന്നുന്നു.

ഈ കേരളം പിള്ളതീന്നിക്കാളിയാണു്. സ്വന്തം മക്കളെ പിടിച്ചുതിന്നുന്ന ദുർഭൂതം. ഏററവും നല്ലതിനെ തിരഞ്ഞെടുത്താണു് തിന്നുന്നതു്. നന്മയുള്ളവനെ, ജ്ഞാനം നേടിയവനെ, ഗുണം ചെയ്യുവനെ, അവൾ ശോഭകെടുത്തി മഹാദുഃഖം അനുഭവിപ്പിക്കുന്നു; ജീവനോടെ വിഴുങ്ങുന്നു. അവൾ വേണമെങ്കിൽ എത്തിയോപ്യയിലെ ചക്രവർത്തിയെ എഴുന്നള്ളിക്കും; പക്ഷേ ഉള്ളൂരിനെയും വള്ളത്തോളിനെയും കാണുകയില്ല. മടിയിൽ വളർന്ന പൊന്നുമക്കൾ കുടലുപറിച്ചു കാണിച്ചാലും വാഴനാരാണെന്നു പറയും! മററു പെററമ്മമാരുടെ വ്യത്യാസം അറിയേണമോ? പറയാം. അന്ധനായ സംഗീതജ്ഞൻ ദ്വാരം വെങ്കിടസ്വാമി നായിഡുവിനു് ആന്ധ്രാസർവകലാശാല ഡാക്ടർ ബിരുദം കൊടുത്തു. മരണംവരെ പ്രൊഫസ്സറായും നിയമിച്ചു. സുനീതികുമാർ ചാററർജി 80-ാം വയസ്സിലും പ്രൊഫസ്സറായി ശോഭിക്കുന്നു. ഒ. ഇ. ഡി. യുടെ എഡിററായ മറേ ക്കു മാത്രമല്ല, അദ്ദേഹത്തിൻെറ സഹായികൾക്കുപോലും ബിരുദങ്ങളും സമ്മാനങ്ങളും കൊടുത്തു ബഹുമാനിക്കുവാൻ ഗ്രേററ് ബ്രിട്ടനിലെ സർവകലാശാലകൾ മത്സരിച്ചു. ദുർവിധിയിതാ, മലയാളഭാഷയുടെ മഹാനിഘണ്ടു നിർമ്മിച്ച പണ്ഡിതശ്രേഷ്ഠനെ, കിട്ടിയതുതന്നെ ക്ലർക്കായി എന്നുപറഞ്ഞു് ആരുമറിയാതെ ഇറക്കിവിട്ടില്ലേ അമ്മേ, കേരളാംബികേ! നിൻെറ അന്തരംഗം ആരു കണ്ടു! കൊന്നുതിന്നാലും നിന്നെയല്ലാതെ ആരെ വിളിച്ചു കരയട്ടെ? ഞങ്ങൾക്കു, നിനക്കുവേണ്ടിയാണു്, നീമൂലമാണു്, ഞങ്ങൾ കണ്ണുനീരു കുടിക്കുന്നതു്.

മഹാകാളീ! ഹൃദയരക്തംകൊണ്ടു് നിനക്കു ഞങ്ങൾ മാതൃപൂജനടത്തുന്നു.

ഗുണ്ടർട്ടിൻെറ കാലത്തു് ആരായിരുന്നു തലശ്ശേരിയിലെ അംശം അധികാരിയെന്നോ, മലബാർ കളക്ടറെന്നോ, ഇന്ത്യാ വൈസ്രോയിയെന്നോ ആരറിയുന്നു; അന്വേഷിക്കുന്നു. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ കാലത്തു് തിരുവിതാംകൂർ ദിവാൻജിയും, മഹാരാജാവുതന്നെയും, ആരായിരുന്നുവെന്നു് ഈ നാട്ടിൽ ജനിച്ചുവളർന്ന എനിക്കു് നിശ്ചയമില്ല. അവരുടെ പ്രതാപമെന്നല്ല സ്മരണപോലും ശേഷിക്കുന്നില്ല. പക്ഷേ, ഡാ: ജോൺസണോടൊപ്പം ചെസ്റ്റർഫീൽഡ് പ്രഭുവിനെയും ലോകം ഓർമ്മിക്കുന്നു. എന്തു മനോഭാവത്തോടെയെന്നു് അറിയാവുന്നവരോടു് പറയേണ്ട കാര്യമില്ല. വെറുതെയാണോ ബീഥോവനെന്ന സംഗീതജ്ഞനെക്കൊണ്ടു് അദ്ദേഹം രചിച്ച ഒരു ഗാനകൃതിയെങ്കിലും തനിക്കു് സമർപ്പണം ചെയ്യിക്കുവാൻവേണ്ടി യൂറോപ്പിനെ വിറപ്പിച്ച നെപ്പോളിയൻ പതിനെട്ടു് അടവുകളും പ്രയോഗിച്ചുനോക്കിയതു്! പക്ഷേ അതൊന്നും ഫലിച്ചില്ല. അതിൽ രോഷാകുലനായെങ്കിലും താൻ എത്ര നിസ്സാരനാണെന്നു് ആ ലോകജേതാവു് മനസ്സിലാക്കിയിരിക്കണം. കാനഡയിൽ ഒരു മഹായുദ്ധം നടത്തി വിജയശ്രീലാളിതനായ വുൾഫ് എന്ന സേനാനായകൻ “ഗ്രേയ്സ് എലിജി” എന്ന അനശ്വരകാവ്യത്തിൻെറ കർത്താവാകുവാൻ തനിക്കു് ഭാഗ്യമുണ്ടായില്ലല്ലോ എന്നു വിലപിച്ചുകൊണ്ടാണു് മരിച്ചതു്. കാലത്തിൻെറ പ്രതികാരം നിർദ്ദയമാണു്. വിദ്യയെ പൂജിക്കാത്തവനെ ആ കൗശികശക്തി ഭസ്മമാക്കുന്നു. വെറും ശബ്ദമെന്നു പറയുന്ന വാക്കുകൾക്കു്, ഭാഷയ്ക്കു്, കാററുംവെള്ളവുമാത്രം അതിനെ ജയിക്കാൻ കഴിയുന്നു. ശബ്ദതത്വം അനാദ്യന്തമായ അക്ഷരബ്രഹ്മമാകുന്നു; അതാണു് ജഗത്തുകളെ സൃഷ്ടിക്കുന്നതു്.

അനാദി നിധനം ബ്രഹ്മ
ശബ്ദതത്വം യദക്ഷരം
വിവർത്തതേ ഽർത്ഥഭാവേന
പ്രക്രിയാ ജഗതോ യതഃ (ഭർത്തൃഹരി)

Digitized by Kerala Sahitya Akademi